പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 253 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിലെ പെൻഷൻ സെസ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി<br>" മഞ്ഞളാംകുഴി അലി<br>" ടി.എ.അഹമ്മദ് കബീർ<br>" എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിൽ ഏർപ്പെടുത്തിയ പെൻഷൻ സെസ്സ് ഒഴിവാക്കണമെന്ന നിർദ്ദേശം മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിൽ ഏർപ്പെടുത്തിയിരിക്കുന്ന പെൻഷൻ സെസ്സ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റ് സർക്കാരിന്റെ പരിഗണനയ്ക്കായി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. |
| (ബി) | ഈ നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | യാത്രാ നിരക്ക് കുറയ്ക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കുമോ? | (സി) | 12.10.2015-ലെ സ.ഉ.(അച്ചടി) നം. 63/15/ഗതാഗതം നമ്പരായുള്ള വിജ്ഞാപന പ്രകാരമാണ് യാത്രക്കാർക്കുള്ള സെസ്സ് കെ.എസ്.ആർ.ടി.സി ഈടാക്കി വരുന്നത്. ടി സെസ്സ് ഈടാക്കുന്നത് വഴി ടിക്കറ്റ് റിസർവ്വ് ചെയ്യുന്ന യാത്രാക്കാർ അപകടത്തിൽപ്പെടുകയോ മരിക്കുകയോ സ്ഥിര അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതാണ്. റിസർവ്വേഷൻ ഇല്ലാതെ യാത്ര ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപയാണ് നൽകുന്നത്. ഇതിനായി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ധാരണ ഉണ്ടാക്കിയിരിക്കുന്നതിനാൽ ബസുകൾ അപകടത്തിൽപെടുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യതയിൽ നിന്ന് കെ.എസ്.ആർ.ടി.സി.ക്ക് സംരക്ഷണം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ